<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1791</u> <u>20-06-2024 - ൽ മറുപടിയ്ക്ക്</u>

<u>കോളേജുകളിലെ റാഗിംഗ് തടയാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. ടി. സിദ്ദിഖ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോളേജുകളിൽ ക്രൂരമായ റാഗിംഗിന് വിധേയമായി വിദ്യാർത്ഥികൾ ജീവനൊടുക്കിയ സംഭവങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ്, മറ്റ് അതിക്രമങ്ങൾ തുടങ്ങിയവ തടയുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ എല്ലാ സ്ഥാപനങ്ങളിലും നടത്തുന്നുണ്ട്. ഇത്തരം പ്രവർത്തികൾ ഇല്ലാതാക്കുന്നതിലേക്കായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>റാഗിംഗ് തടയുന്നതുമായി ബന്ധപ്പെട്ട് യു.ജി.സി നിർദ്ദേശപ്രകാരമുള്ള ആന്റി റാഗിംഗ് കമ്മിറ്റി, ആന്റി റാഗിംഗ് സ്ക്വാഡ്, ആന്റി റാഗിംഗ് മോണിറ്ററിംഗ് സെല്ല് എന്നിവ സർവ്വകലാശാലകളിൽ രൂപീകരിച്ചിട്ടുണ്ട്. എല്ലാ കോളേജ് ക്യാമ്പസുകളുടെയും വിവിധ ഭാഗങ്ങളിലായി റാഗിംഗ് നിരോധിച്ചു കൊണ്ടുള്ള അറിയിപ്പും റാഗിംഗ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാ നടപടികളെക്കുറിച്ചുള്ള അറിയിപ്പും പ്രദർശിപ്പിച്ചിട്ടുണ്ട്. മാത്രമല്ല, റാഗിംഗിന് വിധേയമാകുകയോ, റാഗിംഗ് നടന്നതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ വിദ്യാർത്ഥികൾക്ക് പരാതി അറിയിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്റെ വിശദാംശങ്ങളും, ഫോൺ നമ്പരും കോളേജുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പരാതി നൽകുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താതെ തന്നെ അജ്ഞാത പരാതികൾ രജിസ്റ്റർ ചെയ്യാനും അവസരം ഒരുക്കിയിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന പരാതികളിൽ അടിയന്തരമായി തന്നെ നടപടികൾ സ്വീകരിക്കുന്നുണ്ട്. കോളേജുകളിൽ ആന്റി റാഗിംങ് കമ്മിറ്റികളും, റാഗിംങ് തടയുന്നതിനുള്ള സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. പല കോളേജുകളിലും റാഗിംങ് വിരുദ്ധ പ്രവർത്തനങ്ങൾക്ക് എൻ.എസ്.എസിന്റെ സജീവമായ പങ്കാളിത്തമുണ്ട്. കൂടാതെ, കോളേജുകളിൽ പ്രവേശനം നേടുന്ന അവസരത്തിൽ |

| | | | |
|---|---|---|---|
| | | | എല്ലാ വിദ്യാർത്ഥികളെയും കൊണ്ട് റാഗിംഗ് വിരുദ്ധ പ്രതിജ്ഞ എടുപ്പിക്കുകയും, വിദ്യാർത്ഥികളെയും രക്ഷാകർത്താക്കളെയും കൊണ്ട് ആന്റി റാഗിംഗ് അണ്ടർടേക്കിങ്ങിൽ ഒപ്പ് വെയ്പിക്കുകയും ചെയ്യുന്നുണ്ട്. കോളേജുകളിൽ റാഗിംങ് വിരുദ്ധ ദിനം സംഘടിപ്പിക്കുകയും റാഗിംങ്ങിനെതിനെതിരായ ബോധവൽക്കരണ സന്ദേശം നൽകുകയും, പുതിയ വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ/ഇന്റക്ക്ഷൻ പോഗ്രാമുകളും നടത്തുന്നുണ്ട്.<br><br>എൻജിനിയറിങ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും ആന്റി റാഗിംഗ് സെൽ, Students Grievance Redressel Cell SC/ST സെല്ലുകൾ മുതലായവ AICTE യുടെ നിർദേശ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നിർഭയത്തോടുകൂടി പരാതി ബോധിപ്പിക്കുവാനുള്ള സൗകര്യം സ്ഥാപനങ്ങളിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | കോളേജുകളിൽ റാഗിംഗിനായി ഇടിമുറികൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | 'എ' യിൽ മറുപടി നൽകിയിരിക്കുന്നു. |
| (സി) | കോളേജുകളിൽ റാഗിംഗ് തടയാനും ഇടിമുറികൾ ഇല്ലാതാക്കാനും അതിക്രമങ്ങൾ തടയാനും കാര്യക്ഷമമായ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ? | (സി) | 'എ' യിൽ മറുപടി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ